ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

3 (*453) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിലെ ചെലവുകൾ അതതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം വകുപ്പുകളിൽ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) വരവു ചെലവുകളുടെ റിക്കൺസിലിയേഷൻ കൃത്യമായി വകുപ്പുകളിൽ നടക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അവർ തയ്യാറാക്കുന്ന ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട തുടർനടപടികൾ നിർദ്ദേശിക്കുന്നതിനുമായി ധനകാര്യ വകുപ്പിൽ ഇന്റേണൽ ഓഡിറ്റ് സെൽ പ്രവർത്തിച്ചു വരുന്നു.

വിവിധ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള സർക്കുലർ നിർദ്ദേശം നൽകിയതിനുപുറമെ പ്രസ്തുത സർക്കുലറുകളും ഇന്റേണൽ ഓഡിറ്റ് സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ അവയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി നാളിതുവരെയുള്ള, വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള സമഗ്ര വിവരങ്ങൾ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും ഇതിനകം നൽകിയിട്ടുണ്ട്.

കൂടാതെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (64-ാമതു റിപ്പോർട്ടിലെ 4-ാം ഖണ്ഡിക) നിർദ്ദേശാനുസരണം അനുവദനീയമായ ഫണ്ടിൽ കൂടുതൽ ചെലവഴിക്കുന്നത് പ്രത്യേകം നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(19-1-2010 തീയതിയിലെ 4/2010 നമ്പർ സർക്കുലർ പ്രകാരം) എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നൽകിയിട്ടുണ്ട്.

ഇവയ്ക്കു പുറമെ ഇന്റേണൽ ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാകാതെ വർദ്ധിച്ചുവരുന്നത് തടയുന്നതിനും അവ സമയബന്ധിതമായി തീർപ്പാക്കുന്നതിനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം, ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ചെലവുകൾ അതതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വരവു ചെലവുകളുടെ റിക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റിക്കൺസിലിയേഷൻ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുവാൻ വിവിധ സർക്കുലറുകൾ/അർദ്ധ ഔദ്യോഗിക കത്തുകൾ പ്രകാരം വകുപ്പ് സെക്രട്ടറിമാർക്കും കൺട്രോളിംഗ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, കേരളത്തിൽ വൻതോതിൽ നിർമ്മാണ പ്രവർത്തനങ്ങളും അതുപോലെ കോടിക്കണക്കിന് രൂപയുടെ വികസനപദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ആഡിറ്റ് വിഭാഗത്തിന് കൂടുതൽ വർക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇത് ഫലപ്രദമായ രൂപത്തിൽ കൈകാര്യം ചെയ്യുന്നതിന് ഇ-ഗവേണൻസിന്റെ സൗകര്യം ഉപയോഗപ്പെടുത്താൻ ശ്രമിക്കുമോ ?

<u>ഡോ. തോമസ് ഐസക്</u>: സർ, ഇത് അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ ദിവസം ഒരു ചോദ്യമുണ്ടായി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കണക്കുകൾ സംബന്ധിച്ച് റിക്കൺസിലിയേഷൻ നടത്താൻ പറ്റുന്നില്ല എന്ന് പറയുകയുണ്ടായി. ഇപ്പോൾ 35,000 ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാർ എടുത്ത് ചെലവാക്കുന്ന പണം വകുപ്പുതലത്തിൽ കൂട്ടി കൺട്രോളിംഗ് ഓഫീസർവഴി അത് എ.ജി.യുമായി റിക്കൺസൈൽ ചെയ്യുന്നതിന് കഴിയുന്നില്ല. എന്റെ കയ്യിൽ ഇപ്പോൾ കഴിഞ്ഞ വർഷത്തെ സി. ആന്റ് എ.ജി. റിപ്പോർട്ടുണ്ട്. ആറായിരത്തിൽചിലാനം കോടി രൂപയുടെ റിക്കൺസിലിയേഷൻ ആണ് വേണ്ടത്. അപ്പോൾ ഇതിന് പരിഹാരമായിട്ടുള്ളത് ഇത് പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കുക, വിവിധ ട്രഷറികൾ തമ്മിൽ ഇന്റർകണക്ഷൻ കൊണ്ടുവരിക, ട്രഷറി-കമ്പ്യൂട്ടർ സംവിധാനവും എ.ജി.-യുടേയും വിവിധ വകുപ്പുകളുടേയും കമ്പ്യൂട്ടറുകളുമായി സംയോജിപ്പിക്കുകയെന്നുള്ളതാണ്. ഇതിനുവേണ്ടിയുള്ള സമഗ്രമായ പരിപാടി ഇപ്പോൾ ട്രഷറിയിൽ നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജലീൽ : സർ, പല വകുപ്പുകളിലും ഇന്റേണൽ ആഡിറ്റ് നടത്തുന്നത് യോഗ്യരായിട്ടുള്ള ആളുകൾ അല്ലായെന്ന പരാതി നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ കോമ്പീറ്റന്റ് ആയവരുടെ സേവനം പുറത്തു നിന്ന് ആവശ്യമായ ഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തി ഇത് പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ ?

ഡോ. തോമസ് ഐസക് : സർ, എല്ലാ വകുപ്പുകളും ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങ് പറഞ്ഞതുപോലെ അവർക്ക് പരിശീലനം നൽകുന്നതിന് ശ്രദ്ധിച്ചിട്ടില്ല. ആ പോരായ്മ നികത്താം. ആവശ്യത്തിന് സ്റ്റാഫ് ഇല്ലായെന്ന വിമർശനവുമുണ്ട്. ഇപ്പോൾ സ്പാർക്ക് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് വിംഗിൽ അധികമായി വരുന്ന ജീവനക്കാർ ഇന്റേണൻ ഓഡിറ്റിനുവേണ്ടി പുനർ വിന്യസിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. എം. എം. മോനായി : സർ, ഉദ്യോഗസ്ഥതലത്തിലെ അഴിമതിയും അധികാരദുർവിനിയോഗവും നമ്മുടെ സിവിൽ സർവ്വീസിനെ ശരിക്ക് കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. അഴിമതിയും അധികാര ദുർവിനിയോഗവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളിൽ ഇതുവരെ ഏതെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ? അതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയാൻ സാധിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, എന്തൊക്കെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു എന്ന് ഓഫ്ഹാൻഡ് ആയി പറയാൻ കഴിയുകയില്ല. പക്ഷേ നടപടികൾ പോരായെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നിർബന്ധമായി നടക്കുന്ന ഒരു സാഹചര്യമുണ്ടല്ലോ. പക്ഷേ ആ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിന് കാലതാമസം വരുന്ന ഒരു പശ്ചാത്തലത്തിലാണ് ഇന്റേണൽ ആഡിറ്റിന്റെ പ്രസക്തിയും ആവശ്യകതയും ഉയർന്നുവരുന്നത്. പക്ഷേ പലപ്പോഴും പല ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് ഈ ക്രമക്കേട്, വഴിവിട്ട പ്രവർത്തനങ്ങൾ, അഴിമതി ഇതൊന്നും ഇന്റേണൽ ആഡിറ്റിൽ കണ്ടതായിപ്പോലും നടിക്കാറില്ല. പഞ്ചായത്ത് അടക്കമുള്ള പല കാര്യങ്ങളിലും നമ്മൾ അതിന്റെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്ന കാര്യമാണ്. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഡോ. തോമസ് ഐസക് : സർ, എ.ജി.യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന ഒരുപാട് പോരായ്മകൾ ഉണ്ട്. അത് നേരത്തെ ഡിപ്പാർട്ടുമെന്റിന് തിരുത്താവുന്നതാണ്. അതുപോലെ കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിൽ വല്ല പോരായ്മയും വന്നുകഴിഞ്ഞാൽ അതിനുമുകളിൽ ആഡിറ്റ് ഉണ്ട്. അവർ അത് പരിശോധിക്കും. ഏതായാലും ഇന്റേണൽ ആഡിറ്റിന് നിയോഗിക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം ആവശ്യമാണ്.